## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4795** **01-11-2021 - ൽ മറുപടിയ്ക്ക്**

### കോഴിക്കോട് നോർത്ത് റെയിൽവെ ഓവർ ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വരക്കൽ ക്ഷേത്രത്തിന് സമീപം പി.ടി. ഉഷ റോഡ്, പാവങ്ങാട് എന്നിവിടങ്ങളിൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പി.ടി ഉഷ റോഡിലെ ലെവൽ ക്രോസിന് പകരമായി ആർ.ഒ.ബി നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റിന് സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് KRDCL ചില മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ 24/09/2021 ന് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ അലൈൻമെന്റ് ഫൈനലൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. പാവങ്ങാട് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 20/03/2013-ലെ സ.ഉ(സാധാ)നം. 394/2013/പൊ.മ.വ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും. ടി പദ്ധതിയുടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ആർ.ബി.ഡി. സി.കെ. ചുമതലപ്പെടുത്തി. പദ്ധതി നിർവ്വഹണത്തിനായി 10.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി മേൽപ്പാലത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ആകെ നീളം - 303.22 മീറ്റർ റെയിൽവേ സ്പാൻ - 24.92 മീറ്റർ അപ്രോച്ച് റോഡ് ഉൾപ്പെടെ - 278.30 മീറ്റർ യുള്ള ബാക്കി ഭാഗം റെയിൽവേ മേൽപ്പാലത്തിന്റെ - 8.50 മീറ്റർ വീതി വാഹന ഗതാഗതത്തിനുള്ള - 7.50 മീറ്റർ വീതി ഡ്രെയിനേജ് ഉൾപ്പെടെയുള്ള - 3.00 മീറ്റർ സർവീസ് റോഡിന്റെ വീതി |
| (ബി) | പാവങ്ങാട് റെയിൽവെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. ടി പദ്ധതിക്ക് വേണ്ടി ആകെ 39 കൈവശ ഭൂമികൾ ഏറ്റെടുക്കാനുള്ളതിൽ 35 കൈവശക്കാരുടെ ഭൂമി ഏറ്റെടുത്തിട്ടുള്ളതും ബാക്കി വരുന്ന 4 കൈവശക്കാരുടെ ഭൂമിയേ- റ്റെടുക്കുന്നതിനുള്ള നടപടി കോഴിക്കോട് ജില്ലാ കളക്ടർ മുഖേന പുരോഗമിച്ചു വരികയുമാണ്. ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ